


ഇടുക്കി രൂപതാ മുഖപത്രം

# ഇടയൻ

വാല്യം : 1 ലക്കം : 1 ആഗസ്റ്റ് 2022



വാർദ്ധക്യം : ഫലം പുറപ്പെടുവിക്കുന്ന ജീവിതകാലം 02


അഗ്നിപഥ് റിക്രൂട്ട്മെന്റ്: കൊല്ലത്ത് നവംബർ 15 മുതൽ 30 വരെ റാലി 03



പുതിയ പാഠപുസ്തകം 04



## രൂപത ഒരു സ്നേഹ കുടുംബം



ക്രിസ്തീയ വിശ്വാസം സഭാത്മക വിശ്വാസമാണ്. കാരണം നമ്മുടെ വിശ്വാസത്തിന്റെ ഉറവിമായ വിശുദ്ധ ബൈബിൾ എഴുതപ്പെട്ടതും, അത് തെറ്റ് കൂടാതെ വ്യാഖ്യാനിക്കപ്പെടുന്നതും സഭയിലാണ്. കൃപാവരത്തിന്റെ പ്രകട രൂപങ്ങളായ വി. കുർബാനയും ഇതര കൂദാശകളും അനുഷ്ഠിക്കപ്പെടുന്നതും സഭിലാണ്. ഈ വിശുദ്ധ ഗ്രന്ഥവും വിശുദ്ധ കൂദാശകളുമാണ് നമ്മുടെ രക്ഷയുടെ മാർഗ്ഗങ്ങൾ. രക്ഷയുടെ കൂടാരമായ സഭയുടെ പ്രാദേശിക ഘടകങ്ങളാണല്ലോ ഓരോ രൂപതകളും. വൈദിക മേലധ്യക്ഷനും അദ്ദേഹത്തിന്റെ  ശ്ലൈഹിക ശുശ്രൂഷയിൽ ഭാഗമായിരിക്കുന്ന വൈദികരും അവരോട് ചേർന്ന് പ്രവർത്തിക്കുന്ന സമർപ്പിതരും  ഈ നേതൃത്വത്തോട് സർവാത്മനാ സഹകരിക്കുന്ന വിശ്വാസി സമൂഹവും ഒരു മാലയിലെ മുത്തുകൾപോലെ ഹൃദയ ഐക്യത്തിൽ ചേരുമ്പോഴാണ് സഭ പടുത്തുയർത്തപ്പെടുന്നത്.

രൂപത ഒരു കുടുംബമാണ് എന്ന ചിന്തയാണ് ഈ ഐക്യത്തിന് ആധാരം. കുടുംബാംഗങ്ങൾ തമ്മിലുള്ള ഹൃദയബന്ധം പോലെ രൂപതാംഗങ്ങൾ തോളോട് തോൾ ചേർന്ന് മുന്നോട്ട് നീങ്ങണം. രൂപതയെ  അടുത്തറിയാൻ കഴിയുമ്പോഴാണ് നമുക്ക് അതിനെ സ്നേഹിക്കാൻ കഴിയുന്നത്. രൂപതയെ അറിയുന്നത് അതിന്റെ പ്രവർത്തനങ്ങൾ അറിയുന്നതു വഴിയാണ്. ഈ അറിവ് ദൈവജനത്തിന് സാധ്യമാക്കാനുള്ള ശ്രമമാണ് ഇടയൻ എന്ന ഈ രൂപതാ മുഖപത്രം. രൂപതയിലെ എല്ലാ വീടുകളിലും ഈ പത്രം സ്വീകരിക്കപ്പെടണം. സുവിശേഷത്തിന്റെ ദൂത് ലോകത്തിന്റെ അതിർത്തികൾ വരെ എത്തിക്കുകയും ഫലംചൂടിക്കുകയും ചെയ്ത അപ്പസ്തോലന്മാരുടെ പ്രേഷിത തീക്ഷ്ണതയിൽ മുടിചൂടിയ സഭയെ ധ്യാനിക്കുന്ന കാലമാണല്ലോ കൈത്താകാലം. സഭയെക്കുറിച്ച് നല്ലതല്ലാത്ത വാർത്തകൾ പ്രചരിക്കുമ്പോൾ സത്യം തുറന്നു പറയാൻ മാധ്യമങ്ങൾ ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. ഒപ്പം സാമൂഹിക വിഷയങ്ങളെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണങ്ങളും നമ്മുടെ വിശ്വാസ സമൂഹത്തിൽ എത്തണം. അതിനുള്ള ഈ ചുവടുവെയ്പ്പിനെ നിങ്ങൾ ഹൃദയപൂർവ്വം സ്വീകരിക്കണം.

മാധ്യമങ്ങൾ, നവ സുവിശേഷവത്കരണത്തിന് ക്രിയാത്മകമായി ഉപയോഗിക്കണമെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം, ഈ കാലഘട്ടത്തിൽ ഉത്തരവാദിത്വബോധത്തോടെ മാധ്യമങ്ങൾ ഉപയോഗിക്കാൻ നമ്മെ നിർബന്ധിക്കുന്നു. സ്നേഹവും സമാധാനവുമാകുന്ന സുവിശേഷ സുകൃതങ്ങൾ വാക്കിലും പ്രവർത്തിയിലും യാഥാർത്ഥ്യമാക്കുന്നതിനും അത് വാർത്തയായി മാധ്യമങ്ങളിലൂടെ പ്രഘോഷിക്കപ്പെടുന്നതിനും ഈ ഉത്തരാധുനിക കാലത്തിൽ നൂതനമായ സുവിശേഷപ്രഘോഷണവും മാധ്യമ സംസ്കാരവും രൂപപ്പെടുത്താൻ നമുക്ക് കൈകോർക്കാം. നാം ഒരു കുടുംബമാണ് എന്ന വൈകാരികതയിലേക്ക് നമുക്ക് ഒന്നിച്ച് വളരാം.

## രണ്ടാമത് ഇടുക്കി രൂപതാ

## മരിയൻ തീർത്ഥാടനം സെപ്റ്റംബർ 3-ന്

ഇടുക്കി രൂപതാ മരിയൻ തീർത്ഥാടനം സെപ്റ്റംബർ 3 ശനിയാഴ്ച നടക്കും. രാജാക്കാട് ക്രിസ്തുരാജ് ഫൊറോന പള്ളിയിൽ നിന്നും രാജകുമാരി മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്ക് ആയിരക്കണക്കിന് വിശ്വാസികൾ കാൽനടയായി തീർത്ഥാടനത്തിൽ പങ്കെടുക്കും. തീർത്ഥാടനത്തിന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ നേതൃത്വം നൽകും.

രൂപതയിലെ വൈദികരും സമർപ്പിതരും വിവിധ ഇടവകകളിൽ നിന്നായി ആയിരക്കണക്കിന് വിശ്വാസികളും പങ്കെടുക്കും. വിവിധ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ ആരംഭിച്ചു. ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. അബ്രഹാം പുറയാറ്റ് ജനറൽ കൺവീനറായി ഒരുക്കങ്ങൾ ആരംഭിച്ചു. നൂറോളം ആളുകളെ ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു തുടങ്ങി.



# വാർദ്ധക്യം : ഫലം പുറപ്പെടുവിക്കുന്ന ജീവിതകാലം



വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും (സങ്കീ 92:15). സങ്കീർത്തകന്റെ ഈ വാക്കുകൾ വാർദ്ധക്യത്തെക്കുറിച്ചുള്ള ലോകത്തിന്റെ ധാരണകൾക്കും ഭാവിയെക്കുറിച്ച് പ്രതീക്ഷകളില്ലാതെ എല്ലാറ്റിലും നിന്നും പിൻവാങ്ങുന്ന വൃദ്ധരായ ചിലരുടെ മനോഭാവത്തിനും എതിരാണ്. പലരും വാർദ്ധക്യത്തെ ഭയപ്പെടുകയാണ്. എല്ലാ വിധത്തിലുമുള്ള സമ്പർക്കത്തിൽ നിന്നും ഒഴിവാക്കപ്പെടേണ്ട ഒരുതരം രോഗമായാണ് അവർ ഇതിനെ കണക്കാക്കുന്നത്. വൃദ്ധരെ ശുശ്രൂഷിക്കാനുള്ള മടി കൊണ്ട് അവരെ മാറ്റിനിർത്തുകയും പരിഗണിക്കാതിരിക്കുകയും ചെയ്യുകയാണ്. ബൈബിൾ ഇപ്രകാരം പഠിപ്പിക്കുന്നു: ദീർഘായുസ്സ് ഒരു അനുഗ്രഹമാണ്; പ്രായമായവർ ഭ്രഷ്ട് കല്പിച്ച് പുറംതള്ളപ്പെടേണ്ടവരല്ല, മറിച്ച് സമൃദ്ധമായി ജീവൻ നൽകുന്ന ദൈവത്തിന്റെ നന്മയുടെ ജീവിക്കുന്ന അടയാളങ്ങളാണ്. വൃദ്ധർ വസിക്കുന്നിടം അനുഗ്രഹീതം! വൃദ്ധരെ ആദരിക്കുന്ന കുടുംബവും അനുഗ്രഹീതം.

പ്രായമായവർക്ക് തങ്ങളുടെ വാർദ്ധക്യം അതിന്റെ പൂർണ്ണതയിൽ ജീവിക്കാൻ സഹായകരമാകുന്ന പദ്ധതികൾ ആവിഷ്കരിക്കാതെ, വാർദ്ധക്യത്തെ മനസ്സിലാക്കാനും അഭിനന്ദിക്കാനും സഹായകരമല്ലാത്ത ആരോഗ്യപരിരക്ഷാ പദ്ധതികൾക്കാണ് വികസിത സമൂഹങ്ങൾ ഭീമമായ തുകകൾ ചെലവഴിക്കുന്നത്. ഭാവിയെ പ്രതീക്ഷയോടെ നോക്കിക്കാണുന്നതിനും ഏത് ദിശയിൽ മുന്നേറണമെന്ന് മനസ്സിലാക്കുന്നതിനും ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ഒരുവശത്ത്, നിത്യയൗവനം കാത്തുസൂക്ഷിക്കുവാൻ ചുളിവുകളെ മറച്ചുവച്ചുകൊണ്ട് വാർദ്ധക്യത്തെ അകറ്റി നിർത്തുവാൻ നാം പ്രലോഭിതരാകുമ്പോൾ മറുവശത്ത്, തങ്ങൾക്ക് ഇനിയൊരു നല്ല കാലം സങ്കല്പം മാത്രമാണ് എന്ന വൈഷമ്യത്തിൽ ഇനിയൊരിക്കലും ഫലം പുറപ്പെടുവിക്കാനാവില്ല എന്ന് ചിന്തിക്കുവാനും പ്രലോഭിതരാകുന്നു. വാർദ്ധക്യത്തിൽ എന്നെ തള്ളിക്കളയരുതേ! ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കരുതേ! (സങ്കീ 71:9) എന്ന സങ്കീർത്തകന്റെ ഹൃദയംഗമമായ പ്രാർത്ഥനയോടൊപ്പം നമുക്കും ചേരാം.നമ്മുടെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും കർത്താവ് എപ്രകാരം സമീപസ്ഥനായിരുന്നുവെന്ന് ചിന്തിക്കുവാനും പ്രത്യാശയിൽ നിലനിൽക്കുവാനും ഈ സങ്കീർത്തനം നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്. വാർദ്ധക്യത്തിലെ ജരാനരയിലും ദൈവം നമുക്ക് ജീവന്റെ സമ്മാനം നല്കുകയും തിന്മയിൽ ഉൾപ്പെടാതെ നമ്മെ സംരക്ഷിക്കുകയും ചെയ്യുന്നു. നാം അവനിൽ ആശ്രയിക്കുകയാണെങ്കിൽ, അവനെ സ്തുതിക്കാനുള്ള ശക്തി നമുക്ക് ഇനിയും ലഭിക്കും (cf. v 14-20). ശരീരത്തിന്റെ സ്വാഭാവികമായ ദുർബലതയ്ക്കും കാലത്തിന്റെ അനിവാര്യമായ കടന്നുപോകലിനുമുപരി വാർദ്ധക്യമെന്നത് ദീർഘായുസെന്ന ദാനമാണ്. വാർദ്ധക്യം ഒരു ശിക്ഷാവിധിയല്ല, മറിച്ച് ഒരു അനുഗ്രഹമാണ്!

ഇക്കാരണത്താൽ, നാം നമ്മെത്തന്നെ പരിപാലിക്കുകയും ഇനിയുമുള്ള കാലം ഉത്സാഹമുള്ളവരായി നിലകൊള്ളുകയും വേണം. സ്ഥിരോത്സാഹത്തോടെയുള്ള ദൈവവചന വായന, അനുദിന പ്രാർത്ഥന, കൂദാശകളുടെ സ്വീകരണം, ആരാധനക്രമത്തിലെ പങ്കാളിത്തം എന്നിവയിലൂടെ നാം നമ്മുടെ ആന്തരിക ജീവിതത്തെ വളർത്തിയെടുക്കണം. ഈ ദിനത്തിൽ പ്രായമായവർ തനിച്ചല്ലെന്ന് പുതുതലമുറ ഉറപ്പാക്കണം. പ്രതീക്ഷിക്കുവാനൊന്നുമില്ലെന്ന് കരുതുന്ന അവരുടെ ദിനങ്ങളെ രൂപാന്തരപ്പെടുത്തുവാൻ നമ്മെ സന്ദർശിക്കുവാനാരെങ്കിലും വരുമെന്ന പ്രത്യാശയ്ക്ക് സാധിക്കും. ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരെ സന്ദർശിക്കുന്നത് ഈ കാലത്ത് ഒരു കാരുണ്യപ്രവൃത്തിയാണ്! പ്രായമായവർക്ക് വേണ്ടി പ്രാർത്ഥിക്കണം. അവരെ ആവുന്നത് പോലെ സഹായിക്കണം. അവരുടെ പ്രായത്തിന്റെയും സ്വഭാവത്തിന്റെയും പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് അവരോട് വാത്സല്യപൂർവ്വം ഇടപെടണം. നിങ്ങൾക്കേവർക്കും, നിങ്ങളുടെ പ്രിയപ്പെട്ടവർക്കും, ഞാൻ എന്റെ ആശീർവാദവും സാമീപ്യവും വാത്സല്യവും ഉറപ്പ് നല്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുതെന്ന് നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഫ്രാൻസിസ് മാർപാപ്പ

# നന്ദിയർപ്പിച്ച് ദമ്പതീസംഗമം

ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ച കുടുംബ വർഷാചരണത്തിന്റെ ഭാഗമായി ഇടുക്കി രൂപതയിൽ വിവാഹ ജീവിതത്തിന്റെ 25,50 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികളുടെ സംഗമവും ജൂബിലി ആഘോഷവും അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടന്നു. ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ.ജോൺ നെല്ലിക്കുന്നേൽ കാർമ്മികത്വം വഹിച്ച വി.കുർബാനയോടെയാണ് ജൂബിലി സംഗമം ആരംഭിച്ചത്. തുടർന്ന് ''മനുഷ്യരുടെ കുടുംബം ദൈവത്തിന്റെയും'' എന്ന വിഷയത്തിൽ ശ്രീ. ജോയി പ്ലാത്തറ ക്ലാസുകൾ നയിച്ചു. തുടർന്ന് നടന്ന ജൂബിലി സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് ദമ്പതികളെ ആദരിച്ചു. ഇടുക്കി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി നൂറോളം ദമ്പതികൾ പങ്കെടുത്തു. രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിലാണ് സംഗമം നടത്തിയത്. വികാരി ജനറാൾ മോൺ. അബ്രാഹം പുറയാറ്റ്, കാർമൽഗിരി പ്രൊവിൻസ് പ്രൊവിൻഷ്യാൾ റവ. സി. ആനി പോൾ സി.എം.സി ഫാമിലി അപ്പോസ്തലേറ്റ് ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ജോസഫ് തൊട്ടിയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.




## വിവാഹ ഒരുക്ക സെമിനാർ

ആത്മജ്യോതി അടിമാലി

ആഗസ്റ്റ് 19 – 21

സെപ്റ്റംബർ 2 – 4

രജിസ്ട്രേഷൻ എല്ലാ മാസവും 1,2 തീയതികളിൽ

Contact 9447413328, 8078755919, 6235931254


## ഉണ്ണീശോയുടെ ക്യാൻവാസൊരുക്കി തിരുബാലസഖ്യം

തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ഉണ്ണീശോയുടെ ക്യാൻവാസ് എന്ന കൈപ്പുസ്തകത്തിന്റെ ഔദ്യോഗികമായ പ്രകാശനം ജൂലൈ 9-ാംതീയതി ആയിരമേക്കർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടത്തിയ ആനിമേറ്റേഴ്സ് മീറ്റിങ്ങിൽ ബഹുമാനപ്പെട്ട മതബോധന ഡയറക്ടർ ഫാ.ഫിലിപ്പ് ഐക്കര നിർവഹിച്ചു.രൂപത പ്രസിഡന്റ് ആർവിൻ ജോർജ് വിൽസൺ, വൈസ് പ്രസിഡന്റ് സിയാന മനോജ് എന്നിവർക്ക് ഉണ്ണീശോയുടെ ക്യാൻവാസ് എന്ന കൈപ്പുസ്തകം നൽകികൊണ്ടാണ് പ്രകാശനം നടത്തിയത്.കളിയും ചിരിയുംനിറഞ്ഞ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പന്ത്രണ്ട് മാസങ്ങളിലൂടെയാണ് ഈ പുസ്തകം കടന്നുപോകുന്നത്.

# എഡിറ്റോറിയൽ

## കാർഷിക മേഖലയെ തകർക്കുന്ന കരിനിയമങ്ങൾക്ക് എതിരെ ചെറുത്ത് നിൽക്കണം

കുടിയേറ്റത്തിന്റെ ആരംഭകാലം മുതലേ പ്രതിസന്ധികളുടെ ദുർഘടപാതകളെ അതിജീവിക്കലായിരുന്നു മലയോര ജനതയുടെ വിധി. ആദ്യ നാളുകളിൽ വന്യമൃഗങ്ങളോടും പകർച്ചവ്യാധികളോടുമായിരുന്നു ചെറുത്തുനിൽപ്പ്. മൃഗങ്ങളുടെ ശല്യവും രോഗങ്ങളും പ്രകൃതിക്ഷോഭങ്ങളും കാലാകാലങ്ങളിൽ പൂർവ്വികരെ തകർത്തെറിഞ്ഞു. അതിജീവനത്തിന്റെ കരുത്താർജിച്ച അവരെ വനപാലകരുടെ കാടൻ നിയമങ്ങളും വേട്ടയാടി. കഠിനാധ്വാനത്തിന്റെ തഴമ്പേറിയ പരുപരുക്കൻ അനുഭവങ്ങൾ അവരെ തളർത്തിയില്ല. പക്ഷെ വനം തെളിച്ച് അന്നത്തിനായി കൃഷിയിറക്കി ജീവിതത്തോട് മല്ലിട്ടവരെ കൊള്ളക്കാരും കയ്യേറ്റക്കാരുമായി അവഹേളിച്ചത് അഭിമാനബോധമുള്ള അവരുടെ മനസ്സിനേറ്റ ആഴമേറിയ മുറിവായിരുന്നു.

പുതുതലമുറയ്ക്ക് ജീവിക്കാൻ വിയർപ്പൊഴുക്കി സൗകര്യങ്ങൾ ക്രമീകരിച്ചതിനെയാണ് കയ്യേറ്റം എന്ന് വിളിച്ച് ആക്ഷേപിച്ചത്. അതിനാണ് വനപാലകർ മനുഷ്യത്വരഹിതമായി അവരെ മർദ്ദിച്ച് വലിച്ചിഴച്ചത്. ഈ പുതിയ കാലത്തും സ്ഥിതി വ്യത്യസ്തമല്ല. ഇന്ന് നമ്മുടെ ശത്രുക്കൾ വർദ്ധിച്ചു. പഴയ ശത്രുക്കളായ വന്യമൃഗങ്ങളെയും പകർച്ചവ്യാധികളെയും പ്രകൃതിക്ഷോഭങ്ങളെയും അതിജീവിച്ചതു പോലെ ഈ കാലഘട്ടത്തിന്റെ ശത്രുക്കളായ രാഷ്ട്രീയ നേതൃത്വങ്ങളെയും ഉദ്യോഗസ്ഥ മേലാളന്മാരെയും, അവരാൽ നിയന്ത്രിക്കപ്പെടുന്ന നീതിപീഠങ്ങളെയും അതിജീവിക്കുക എളുപ്പമല്ല.

രണ്ടാം തരം പൗരന്മാരായി കുടിയേറ്റക്കാർ പരിഗണിക്കപ്പെടുന്നു. മറ്റുള്ളവർക്ക് അവകാശപ്പെട്ടതുപോലെ വലിയ വീടും സൗകര്യങ്ങളും സ്വന്തമാക്കാൻ മലയോര ജനതയ്ക്ക് അവകാശമില്ല. വ്യവസായ സ്ഥാപനങ്ങളും സംരംഭകേന്ദ്രങ്ങളും മലയ്ക്ക് താഴെ തടയപ്പെട്ടിരിക്കുന്നു. ഉന്നത വിദ്യാഭ്യാസം പോലും മലയടിവാരത്ത് നിജപ്പെടുത്തിയിരിക്കുന്നു. ഇവിടെനിന്ന് തനിയെ പടിയിറക്കാനുള്ള തന്ത്രപൂർവ്വമായ ശ്രമങ്ങൾ ഇങ്ങനെ തുടരുന്നു.

ഒടുവിലെത്തിയ തിരിച്ചടിയാണ് ബഫർസോണുമായി ബന്ധപ്പെട്ട ആശങ്ക. ഏറ്റവും കൂടുതൽ വനമുള്ള കേരളത്തിലും, അതിൽ ഇടുക്കിയിലും ഇനിയും വനവൽക്കരണം നടത്താനുള്ള ശ്രമം അതിരുകടന്ന കാടത്തമാണ്. നിയമം ഉണ്ടാക്കിയവരും അതിന് കളമൊരുക്കിയവരും നമ്മുടെ വോട്ടുകൊണ്ട് കസേര നേടിയവരാണ് എന്നത് കുറ്റബോധമുളവാക്കുന്നു. ഏറ്റവും ഒടുവിൽ എത്തിയ സർക്കാർ നിലപാട് ആശങ്ക അകറ്റി എന്ന് പ്രചരിക്കപ്പെടുന്നുണ്ടെങ്കിലും അതൊരു മയക്കു വെടിയാണ്. 2019 ലെ മന്ത്രിസഭാ തീരുമാനമാണ് വനത്തിന് ചുറ്റും സീറോ മുതൽ ഒരു കിലോമീറ്റർ വരെ ബഫർ സോൺ ആക്കാം എന്നുള്ളത്. ഇതാണ് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നമ്മുടെ പല മേഖലകളും വനമായി മാറാൻ ഇടയാകുന്നതിന് കാരണം. ഈ തീരുമാനം റദ്ദു ചെയ്യാൻ ഗവൺമെന്റ് ഇനിയും ശ്രമിക്കാത്തത് ആശങ്കയും സംശയവും ഉളവാക്കുന്നു. ഒപ്പം 10 കിലോമീറ്റർ ബഫർസോണായി പ്രഖ്യാപിക്കണമെന്ന കൃഷി മന്ത്രിയുടെ ഹർജി പിൻവലിക്കാത്തതും ദുരൂഹതയാണ്.

കർഷകർ സംഘടിതരാകണം. കർഷകരുടെ അസംഘടിത പ്രകൃതമാണ് ഇങ്ങനെ അവഗണനകൾ ഏറ്റുവാങ്ങാൻ കളമൊരുക്കിയത്. അവകാശ പോരാട്ടത്തിൽ രാഷ്ട്രീയവും മതവും മറന്നു നാം ഒന്നിക്കണം. ജനിച്ച മണ്ണിൽ ആത്മാഭിമാനത്തോടെ ജീവിക്കാൻ, വരും തലമുറയ്ക്ക് ഇവിടെ ജീവിക്കാൻ.






# ബഫർ സോൺ:
## ഈ പോക്ക് അപകടത്തിലേക്ക്

2022 ജൂൺ മൂന്നിലെ സുപ്രീംകോടതി വിധി ലക്ഷക്കണക്കിന് മലയോര കർഷകരെ അടിമുടി തകർക്കും എന്നതുറപ്പാണ്. ഇവരുടെ ആശങ്ക കണ്ടില്ലെന്നു നടിക്കുന്നത് ക്രൂരവും മനുഷ്യത്വരഹിതവുമാണെന്നുകൂടി കേരള സർക്കാരിനെ ഓർമപ്പെടുത്തട്ടെ.ബഫർ സോൺ വിഷയത്തിൽ കേരള സർക്കാരിന്റെ മെല്ലെപ്പോക്ക് വലിയ അപകടം ക്ഷണിച്ചുവരുത്തുമെന്ന് ഉറപ്പാണ്. ഇളവുകൾ നേടാൻ സുപ്രീംകോടതി അനുവദിച്ച മൂന്നു മാസത്തിൽ 10 ആഴ്ചകൾ പിന്നിട്ടിരിക്കുന്നു. ഇനി അവശേഷിക്കുന്നത് കൃത്യം 3 ആഴ്ച മാത്രം. ഇതുവരെയുള്ള സർക്കാർ നടപടികൾ ഫലം കാണുമെന്ന് ഈ വിഷയം ഗൗരവത്തോടെ നിരീക്ഷിക്കുന്നവർക്ക് വിശ്വസിക്കാൻ പ്രയാസമാണ്. ഇതു വരെ എന്തു ചെയ്തുവെന്ന് ജനങ്ങളോടു തുറന്നുപറയാൻ പോലും സർക്കാർ തയാറായിട്ടില്ല.

രാജ്യത്തെ ദേശീയ ഉദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റും ചുരുങ്ങിയത് ഒരു കിലോമീറ്റർ വായുദൂരത്തിലുള്ള പ്രദേശം പരിസ്ഥിതിലോല മേഖല (ബഫർസോൺ) ആയി സംരക്ഷിക്കണമെന്ന് 2022 ജൂൺ മൂന്നിലെ സുപ്രീംകോടതി വിധി കേരളത്തിലെ ലക്ഷക്കണക്കിന് മലയോര കർഷകരെ അടിമുടി തകർക്കും എന്നുറപ്പാണ്. ബഫർ സോൺ ആകാനിടയുള്ള മിക്കയിടങ്ങളിലും മനുഷ്യർ തിങ്ങിപ്പാർക്കുകയാണ്. ആ പ്രദേശങ്ങൾ ഒഴിവാക്കിയില്ലെങ്കിൽ നിയന്ത്രണങ്ങളിലും നിരോധനങ്ങളിലും കുടുങ്ങി രണ്ടാംതരം പൗരന്മാരായി ജീവിക്കേണ്ടിവരു മെന്നാണ് അവിടങ്ങളിലെ കർഷകർ അനുഭവത്തിൽനിന്നു പറയുന്നത്.

സുപ്രീംകോടതി വിധിയിൽ പറയുന്നതുപോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ ബഫർ സോൺ ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാരിന് സെൻട്രൽ എംപവേർഡ് കമ്മിറ്റിയെയും കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തെയും സമീപിക്കാനും സ്ഥിതി വിവര കണക്കുകൾ ആവശ്യമാണ്. എന്നാൽ, വനംവകുപ്പ് ഇക്കാര്യത്തിൽ പുലർത്തുന്ന അലംഭാവം സംശയങ്ങൾ ജനിപ്പിക്കുന്നു. വനംവകുപ്പിനുതന്നെയാണ് ഈ വിഷയത്തിൽ തുടർനടപടികൾക്കു ചുമതല എന്നതും കൂട്ടിവായിക്കണം, സംസ്ഥാന സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയെടുത്തില്ലെങ്കിൽ സുപ്രീംകോടതി തീരുമാനമെടുക്കും. ഒരു കിലോമീറ്റർ ബഫർ സോണാക്കണമെന്ന 2019 ഒക്ടോബറിലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതുപോലുള്ള പാളിച്ചകൾ തിരുത്തണം. ഇതുവരെയുള്ള നടപടികളും രേഖകളും വനംവകുപ്പ് പുറത്തുവിടണമെന്നും കെ.സി.ബി.സി. ഉൾപ്പെടെ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇത്ര രൂക്ഷമായ പ്രശ്നമായിട്ടും കാര്യങ്ങൾ സുതാര്യമല്ലെന്ന തോന്നലാണ് ബഫർസോൺ പ്രദേശത്തെ കർഷകർക്കുള്ളത്. ബഫർ സോണിന്റെ അതിരുപോലും നിശ്ചയിക്കാത്ത വനംവകുപ്പിന് അവിടെ എത്രയാളുകൾ ജീവിക്കുന്നുണ്ടെന്നോ എത്ര വീടുകളുണ്ടെന്നോ അവരുടെ പ്രശ്നങ്ങൾ എന്തെന്നോ ചോദിച്ചാൽ ഉത്തരമില്ല. അതേസമയം, വന്യമൃഗങ്ങളുടെ കഷ്ടപ്പാടുകളെക്കുറിച്ച് അറിയുകയും ചെയ്യാം. എണ്ണമറ്റ പ്രതിസന്ധികളിൽ വലയുന്നതിനിടെയാണ് ബഫർ സോണെന്ന ഉരുൾപൊട്ടലിൽ കർഷകൻ പകച്ചുനിൽക്കുന്നത്. കർഷകരുടെ വിയർപ്പിൽ കുതിർന്ന മണ്ണിനെ ജന്തുസ്ഥാനായി മാറ്റാൻ ആരു ശ്രമിച്ചാലും നടപ്പില്ലെന്ന് ലളിതമായ ഭാഷയിൽ പറയട്ടെ.

ബഫർ സോൺ പ്രദേശത്തെ മനുഷ്യരോടു കേരളമൊന്നാകെ ഐക്യദാർഢ്യം പ്രകടിപ്പിക്കേണ്ട സമയമാണിത്. കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോകില്ലെന്ന് ഉറപ്പാകുവോളം അവർക്ക് സമാധാനമായി ഉറങ്ങാനാവില്ല. അതുവരെ സർക്കാർ ഉറങ്ങരുതെന്നു മാത്രം ഓർമിപ്പിക്കട്ടെ. മണ്ണിൽ പണിയെടുക്കുന്ന കർഷകരെ ജീവിക്കാൻ അനുവദിക്കണം.

ഡോ. ജോർജ് കുടിലിൽ,
ചീഫ് എഡിറ്റർ, ദീപിക





# പുതിയ പാഠപുസ്തകം

ദ്രൗപതി മുർമു... ഈ പേര് ഇതിനുമുമ്പ് കേട്ടിട്ടുപോലുമില്ലായിരുന്നു. ഭരണകക്ഷിയായ ബിജെപി രാഷ്ട്രപതിയാകുവാൻ നിർദേശിച്ച വ്യക്തി എന്ന നിലയിൽ ഒരൊറ്റദിനം കൊണ്ട് ആ പേരും മുഖവും സുപരിചിതമായിത്തീർന്നു. ഒഡീഷയിലെ മപർബേഡ് ഗ്രാമത്തിൽ ജനിച്ച ഗോത്രവർഗ്ഗക്കാരിയായ ഈ അറുപത്തിനാലുകാരി ഭാരതത്തിന്റെ ഒന്നാം പൗരനായി മാറിയപ്പോൾ പുതിയ ചരിത്രം പിറക്കുകയായിരുന്നു. പട്ടികവിഭാഗത്തിൽപെട്ട മലയാളിയായ കെ. ആർ. നാരായണൻ വർഷങ്ങൾക്കു മുമ്പ് ഈ മഹോന്നത സ്ഥാനത്ത് എത്തിയിരുന്നുവെന്ന് നാം അനുസ്മരിക്കണം.

പുതിയ രാഷ്ട്രപതിക്ക് അഭിനന്ദനങ്ങൾ നേരാം, ആശംസകൾ നേരാം. അവരുടെ പേര് നിർദേശിക്കപ്പെട്ട ഉടനെ എല്ലാവരും അവരെക്കുറിച്ച് അന്വേഷിക്കുകയും പഠിക്കുകയും ചെയ്തു. തികച്ചും അവികസിതമായ ഒരു ഗ്രാമത്തിലെ അധ്യാപകയായിരുന്നു അവർ. ഭർത്താവും മൂന്ന് മക്കളും ഉണ്ടായിരുന്നു. അകാലത്തിൽ ഭർത്താവും രണ്ട് ആൺമക്കളും മരണപ്പെട്ട ഹതഭാഗ്യയാണവർ. മകൾ മാത്രമാണ് ഇപ്പോൾ കൂടെയുള്ളത്. അധ്യാപികയായിരിക്കുമ്പോൾ നാടിന്റെ നന്മയ്ക്കുവേണ്ടി അധ്വാനിക്കുവാനായി രാഷ്ട്രീയത്തിൽ ഇടപെടുകയും പഞ്ചായത്ത് മെമ്പറാവുകയും ചെയ്തു.

പിന്നീട് ഒഡീഷ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും രണ്ട് തവണ ഗ്രാമവികസന മന്ത്രിയാവുകയും ചെയ്തു. ബി.ജെ.പി. സഹയാത്രികയായ അവരെ 2016-ൽ ജാർഖണ്ഡിൽ ഗവർണറായി മോദിസർക്കാർ നിയമിക്കുകയും അവർ വളരെ സ്തുത്യർഹമായ സേവനം അഞ്ചുവർഷം പൂർത്തിയാക്കുകയും ചെയ്തു. അതിനുശേഷം സ്വന്തം ഗ്രാമത്തിലേക്ക് മടങ്ങി സ്വസ്ഥജീവിതം നയിക്കുന്നതിനിടയിലാണ് ഈ ഉന്നതസ്ഥാനം അവരെ തേടിവന്നത്. അവരുടെ ജീവിതം നമ്മെ അത്ഭുതപ്പെടുത്തുന്നതും പ്രചോദിപ്പിക്കുന്നതുമാണ്.

സ്ഥാനമാനങ്ങൾ അവരെ തേടിയെത്തുകയായിരുന്നു. സ്ഥാനങ്ങൾക്കുവേണ്ടി ഇടിച്ചു കയറുകയും അങ്കം വെട്ടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ നന്മയുടെയും സമർപ്പണത്തിന്റെയും ആൾരൂപമായി മാറിയ അവരെ ഔന്നത്യങ്ങൾ തേടിയെത്തുകയായിരുന്നു. കാലുമാറലും കുതിരക്കച്ചവടവും മുഖമുദ്രയായി മാറുന്ന രാഷ്ട്രീയത്തിൽ വ്യക്തിത്വ വിശുദ്ധി സൂക്ഷിക്കുന്നവർക്കുള്ള സമ്മാനമാണ് ഔന്നത്യങ്ങൾ എന്ന് ഇവർ ഓർമ്മിപ്പിക്കുന്നു.

തന്റെ ജാതിയുടെയും സംസ്കാരത്തിന്റെയും പിന്നോക്കാവസ്ഥയിലും നിറത്തിന്റെ പ്രത്യേകതയിലും ഒന്നിൽനിന്നും പിൻവലിയാതെ മുന്നോട്ട് ചരിക്കുവാൻ അവർ മനസിനെ പരിശീലിപ്പിച്ചു. അപകർഷതാബോധത്തിന്റെ കാണാക്കയറുകളാൽ തന്റെ ജീവിതത്തെ കെട്ടിയിടുവാൻ അവർ തയാറായില്ല. ജീവിതസാഹചര്യങ്ങളുടെ നിഷേധഭാവങ്ങളിൽ പിൻവലിയാൻ പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ, ചിലരെങ്കിലും തള്ളിമാറ്റാൻ ശ്രമിക്കുമ്പോഴും തോൽക്കാൻ മനസില്ലാതെ മുന്നേറുന്നവർക്കാണ് ജീവിതവിജയമെന്ന് അവർ നമ്മെ ഓർമ്മിപ്പിക്കുന്നു. അധ്യാപന ജോലിയുടെ ഔന്നത്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ഉയർത്തുവാൻ ഈ തിരഞ്ഞെടുപ്പ് കാരണമായി. കോളജിലെയോ യൂണിവേഴ്സിറ്റിയിലെയോ ഉന്നത വിദഗ്ധരല്ല, മറിച്ച് ഗ്രാമത്തിലെ കുഞ്ഞുങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന അധ്യാപകരെ നാം ഏറെ സ്നേഹത്തോടെ ഓർക്കണം. അവർ അക്ഷരങ്ങൾക്കൊപ്പം സംസ്കാരത്തിന്റെ ആദ്യപാഠങ്ങൾ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്നു. പ്രാദേശിക സ്കൂളിലെ അധ്യാപകർക്ക് ഈ മഹതിയെ ഓർത്തുകൊണ്ട് തങ്ങളുടെ ജോലിയെക്കുറിച്ച് അഭിമാനിക്കാം.

രണ്ടുതവണ മന്ത്രിയും അഞ്ചുവർഷം ഗവർണറുമായിരുന്നപ്പോൾ അവർ ജനത്തിന്റെ നന്മയും രാജ്യത്തിന്റെ വളർച്ചയുംമാത്രം ലക്ഷ്യംവച്ചു. അഴിമതിയോ സ്വാർത്ഥതയോ അവരുടെ പ്രവർത്തനമേഖലയുടെ അടുത്തുപോലും കാൽകുത്തിയില്ല. ഇത്തിരി കാലംകൊണ്ടുപോലും ഒത്തിരി കോടികൾ വാരിക്കൂട്ടുന്ന രാഷ്ട്രീയക്കാരുടെ ആർത്തിക്കഥകൾ ഏറെ കേൾക്കുമ്പോൾ ഈ സ്ത്രീ നമ്മെ വിസ്മയിപ്പിക്കുന്നു. അവർ നേരിട്ട വ്യക്തിപരമായ നഷ്ടങ്ങൾ ഒത്തിരി വലുതാണ്. ഭർത്താവും രണ്ട് മക്കളും അകാലത്തിൽ നഷ്ടപ്പെട്ടപ്പോഴും മനസിന്റെ താളംതെറ്റാതെ അവർ സ്വയം സൂക്ഷിച്ചു. വ്യക്തിപരമായ ദുരന്തങ്ങളുടെ പേരിൽ ദൈവത്തെ ശപിക്കുവാനോ ആരെയെങ്കിലും പഴിക്കുവാനോ അവർ തയാറായില്ല. ആ കണ്ണീരും നൊമ്പരവും വളവും വിത്തുമായി മാറിയപ്പോൾ ജീവിതവഴിയിൽ പൂക്കൾ വിരിഞ്ഞ വസന്തം വിരുന്നിനെത്തി. അവരുടേതായി ആദ്യം പുറത്തുവന്ന ചിത്രം ക്ഷേത്രപരിസരം അടിച്ചുവാരുന്ന ദൃശ്യമായിരുന്നു. പ്രഭാതത്തിൽത്തന്നെ ഈശ്വരസന്നിധാനം തേടുവാൻ അവരെ പ്രേരിപ്പിച്ചത് മനസിൽ സൂക്ഷിക്കുന്ന ഈശ്വരവിശ്വാസമാണ്. ഇത്തിരി വളരുമ്പോൾ ദൈവത്തെ മറക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവർക്കുള്ള മറുപടിയാണ് ആ കർമം. വിജയവഴികളിലും വിതുമ്പുന്ന വേളകളിലും നമുക്ക് തേടിയെത്തുവാൻ ഈശ്വരസന്നിധാനമല്ലാതെ മറ്റെന്തുണ്ട്? പ്രാർത്ഥിക്കുക മാത്രമല്ല, അടിച്ചുവാരുന്ന ശുശ്രൂഷയും അവർ മുടങ്ങാതെ ചെയ്തുവന്നു. സ്വയം താഴാനും ശുശ്രൂഷയാകാനും അവർക്കു സാധിക്കുന്നത് അവരിൽ മഹത്വം നിലനിൽക്കുന്നതുകൊണ്ടാണ്. ഇത്ര ചെറുതാകാൻ എത്ര വളരേണം.

ദ്രൗപതി മുർമു ഒരു പാഠപുസ്തകമാണ്. വായിക്കുംതോറും, അറിയുംതോറും നമ്മെ ഏറെ പ്രചോദിപ്പിക്കുന്ന പുസ്തകം. കാലം വളരുമ്പോൾ പുതിയ പാഠങ്ങൾ പഠിക്കുവാൻ നമുക്ക് കാത്തിരിക്കാം.

ഫാ. മാത്യു ആശാരിപറമ്പിൽ

## അക്ഷയപാത്രം ഒരുക്കി കാന്തിപ്പാറ ഇടവക



വിശക്കുന്നവർക്ക് ഭക്ഷണപ്പൊതികൾ നൽകാനായി കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ നേതൃത്വത്തിലാണ് മാങ്ങാത്തൊട്ടിയിലെ കപ്പേളയോട് ചേർന്ന് അക്ഷയപാത്രം സ്ഥാപിച്ചു. ഇടവകയിലെ 360 കുടുംബങ്ങളും മാസം 30 രൂപവീതം പിരിവെടുത്താണ് അക്ഷയ പാത്രത്തിലേക്ക് ആവശ്യമായ ഭക്ഷണപൊതികൾക്ക് ഫണ്ട് കണ്ടെത്തുന്നത്. ടൗണിലെ ഹോട്ടലിൽ നിന്ന് എല്ലാ ദിവസവും ഉച്ചയ്ക്ക് ഭക്ഷണപ്പൊതികൾ അക്ഷയപാത്രത്തിൽ എത്തിക്കും. ആവശ്യക്കാർക്ക് പണം മുടക്കാതെ ഇത് എടുത്തുകൊണ്ടു പോകാം. മർച്ചന്റ് അസോസിയേഷൻ യൂണിറ്റ് പ്രസിഡന്റ് ബേബി പുൽപറമ്പിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. തോമസ് പുത്തൂർ, പഞ്ചായത്ത് അംഗം ബിജി ബെന്നി എന്നിവർ പങ്കെടുത്തു.

# ചരിത്ര സത്യങ്ങൾ തമസ്കരിക്കുന്നവരുടെ അജണ്ടകൾ



ചരിത്രത്തെ തമസ്കരിക്കുന്നത് കേരളത്തെ സംബന്ധിച്ച് പുതുമയുള്ള കാര്യമല്ല. മറിച്ച്, കാലങ്ങളായുള്ള ആവർത്തനമാണ്. അനന്തരഫലമായി ചരിത്രസത്യങ്ങൾ പലതും തിരുത്തപ്പെടുന്നു. ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് കേരളത്തിന്റെ നവോത്ഥാനശില്പി വിശുദ്ധ ചാവറയച്ചനെ പാഠപുസ്തകങ്ങളിൽ നിന്നുപോലും പുറംതള്ളിയ ക്രൂരത.

വിപ്ലവകരമായ സംഭാവനകൾ 1846 ൽ ദളിതർക്കുവേണ്ടിയുള്ള കേരളത്തിലെ ആദ്യത്തെ സംസ്കൃത പള്ളിക്കൂടവും 1847 ൽ ക്രിസ്ത്യാനിക്കും ഹിന്ദുവിനും മുസ്ലീമിനും ദളിതർക്കും ഒരുമിച്ചിരുന്ന് പഠിക്കാനുള്ള പൊതുപള്ളിക്കൂടവും കേരളത്തിൽ സ്ഥാപിച്ചത് ചാവറയച്ചനായിരുന്നു. കേരളത്തിൽ ആദ്യത്തേതും മലയാളത്തിലെ ആദ്യത്തേതുമായ വർത്തമാനപത്രിക പ്രസിദ്ധീകരിക്കാൻ വേണ്ടിയുള്ള പ്രവർത്തനത്തിൽ സഹായം ചെയ്തു. സ്വന്തമായി കേരളത്തിലെ മൂന്നാമത്തെ പ്രസ് തുടങ്ങി (വാഴപ്പിള്ളി വിപ്ലവം). മലയാളികൾ തുടങ്ങിയ ആദ്യത്തെ പ്രസാണിത്. കേരളത്തിൽ ആദ്യമായി സഹകരണപ്രസ്ഥാനത്തിനും സ്ത്രീകൾക്കുവേണ്ടിയുള്ള ഹോസ്റ്റലിനും ആരംഭം കുറിച്ചു. കേരളത്തിൽ ആദ്യമായി അശരണ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി സ്ഥാപനം തുടങ്ങി (ഓൾഡ് ഏജ് ഹോം). ചിക്കാഗോ വിപ്ലവത്തിന് രണ്ടുവർഷം മുമ്പ് തന്നെ തൊഴിലാളികൾക്ക് ജോലിസമയം നിജപ്പെടുത്താനും ജോലിക്ക് പണമായി കൂലി കിട്ടാനും വേണ്ടി പോരാടി. കേരളത്തിലെ എല്ലാ പള്ളികൾക്ക് സമീപവും പള്ളിക്കൂടം സ്ഥാപിക്കാൻ മുന്നോട്ടിറങ്ങി പൊതു വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. കേരളത്തിൽ ആദ്യമായി പള്ളിക്കൂടത്തിൽ സൗജന്യമായി ഉച്ചക്കഞ്ഞി വിതരണം കൊണ്ടുവന്നു, ഈ ചരിത്രസംഭവങ്ങളെയെല്ലാം തമസ്കരിച്ചുകൊണ്ടുള്ള കേരളത്തിന്റെ നവോത്ഥാന ചരിത്രം വികലവും അപൂർണ്ണവുമാണ്.

ക്രൈസ്തവ സംഭാവനകൾ അതുല്യം ചരിത്രം മനപ്പൂർവ്വം മറക്കുന്നവർ പിന്നിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുക. അപ്പോൾ കാണാം മാറുമറയ്ക്കാൻ പോലും നിവൃത്തിയില്ലാതെ ആചാരങ്ങൾക്ക് മുൻപിൽ പേടിച്ചു വിറച്ചു നിന്ന ഒരു ജനതയുടെ ചിത്രം. വീണ്ടും സൂക്ഷിച്ചു നോക്കിയാൽ പിന്നെയും കാണാം മേൽപ്പറഞ്ഞ മനുഷ്യരെയൊക്കെ സ്നേഹത്തോടെ ഉന്നമനത്തിൽ എത്തിച്ച ക്രൈസ്തവ മിഷണറിമാരെ. ആഹാരം മാത്രമല്ല നാവിൻ തുമ്പത്ത് അറിവിന്റെ അക്ഷരങ്ങൾ കുറിച്ചു കൊടുത്ത അഭിമാനത്തിന്റെയും അന്തസിന്റെയും ലോകത്തിലേക്ക് ജാതിയും മതവും നോക്കാതെ മനുഷ്യരെ കൈപിടിച്ചുയർത്തിയത് മിഷനറിമാരായിരുന്നു. വിശക്കുന്ന കുട്ടികൾക്ക് പഠിക്കാനാവില്ലെന്ന് തിരിച്ചറിഞ്ഞ ചാവറയച്ചൻ വസ്ത്രവും ഭക്ഷണവും പുസ്തകങ്ങളും നൽകിയ മാതൃക പിന്തുടർന്നാണ് സർക്കാർ സ്കൂളുകളിൽ ഉച്ചക്കഞ്ഞി ഏർപ്പെടുത്താനുള്ള ശുപാർശ നൽകാൻ അന്നത്തെ ഭരണകൂടം മുതിർന്നത്. തീണ്ടലും തൊട്ടുകൂടായ്മയും അയിത്തവും നടമാടിയ കാലത്ത് ജാതിയോ മതമോ വർഗമോ കണക്കിലെടുക്കാതെ വിദ്യാഭ്യാസ വിപ്ലവത്തിന് നാന്ദികുറിച്ച് ചാവറയച്ചന്റെ പ്രവർത്തനങ്ങൾ കുട്ടികളിൽ നിന്ന് മറച്ചു പിടിക്കുന്നത് അദ്ദേഹം തുടങ്ങിവച്ച സാമൂഹ്യമാറ്റത്തിന്റെ നന്മകളെ ഇല്ലാതാക്കുന്ന പ്രവൃത്തിയാണ്.

കേരളത്തിന്റെ സാമൂഹിക തലങ്ങളിൽ നിലനിന്നിരുന്ന അസമത്വം അവസാനിപ്പിക്കാൻ സാർവ്വത്രികമായ വിദ്യാഭ്യാസം എന്ന ആശയം പ്രാവർത്തികമാക്കിയ ക്രിസ്ത്യൻ മിഷനറി സമൂഹത്തിന്റെ നെടുനായകത്വം ചാവറയച്ചനിലാണെന്നത് ചരിത്രവസ്തുതയാണ്. കാര്യങ്ങൾ കൈവിട്ടു പോകുന്ന കാലത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് തിരിച്ചറിയാൻ കഴിയാത്ത ബോധപൂർവ്വമായ അജ്ഞതയുടെ ലോകത്തുകൂടെയാണ് സഞ്ചരിക്കുന്നതെന്ന് കേരളത്തിലെ ക്രൈസ്തവ വിഭാഗങ്ങൾക്ക് ഇനിയും ബോധ്യപ്പെടാൻ സാധിക്കുന്നില്ലെങ്കിൽ ഈ സമൂഹം വരുംനാളുകളിൽ നടുക്കടലിലേക്ക് വലിച്ചെറിയപ്പെടുമെന്നുറപ്പാണ്. കൂടുതൽ ഐക്യവും ഒരുമയും സ്വരുമയും ഊട്ടിയുറപ്പിക്കുന്നില്ലെങ്കിൽ വിരുദ്ധശക്തികളുടെ അക്രമങ്ങളിനിയും തുടരുമെന്നു മാത്രമല്ല ക്രൈസ്തവ സഭകളെ ശിഥിലമാക്കുന്ന രീതിയിൽ ഇക്കൂട്ടർ ആഞ്ഞടിക്കുമെന്ന് വൈകിയ വേളയിലെങ്കിലും ക്രൈസ്തവ സമൂഹം തിരിച്ചറിയണം.

## ബഫർ സോൺ : പ്രതിഷേധ ജ്വാല തീർത്ത് എ.കെ.സി.സി




കാർഷിക മേഖലയായ ഹൈറേഞ്ചിന് പ്രതികൂലമായി ബാധിക്കുന്ന ബഫർ സോൺ തീരുമാനത്തിനെതിരെ പ്രതിഷേധ ജ്വാല തീർത്ത് എ.കെ.സി.സി ഇടുക്കി രൂപതാ സമിതി. വാഴത്തോപ്പ് സെന്റ് ജോർജ് പാരിഷ് ഹാളിൽ ചേർന്ന യോഗത്തിൽ ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ സമരപ്രഖ്യാപനം നടത്തി. തുടർന്ന് അനുകൂലമായ വിധി ലഭിക്കുന്നതുവരെ റിലേസമരത്തിന് ആഹ്വാനം ചെയ്തു. ഇടുക്കി കളക്ടറേറ്റിലേക്ക് എ.കെ.സി.സി, കെ.സി.വൈ.എം എന്നീ സംഘടനകൾ സംയുക്തമായി മാർച്ച് നടത്തി. കാൽവരി മൗണ്ട്,ചേലച്ചുവട്, വാഴവര, എന്നിവിടങ്ങളിൽ വൻ ജനപങ്കാളിത്തത്തോടെ പ്രതിഷേധ സംഗമങ്ങൾ നടത്തി. എ.കെ.സി.സി ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം, ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ ജോർജ് കോയിക്കൽ, രൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടത്തിൽ, രൂപതാ സെക്രട്ടറി ശ്രീ സിജോ ഇലന്തൂർ, ശ്രീ മാത്യൂസ് ഐക്കര എന്നിവർ നേതൃത്വം നൽകി.

# ബഫർ സോൺ

## രാഷ്ട്രീയനേതൃത്വം നിസംഗത വെടിഞ്ഞ് പ്രവർത്തിക്കണം: ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിൽ



ബഫർ സോണുമായി ബന്ധപ്പെട്ട് 2022 ജൂൺ 3ന് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിലെ ആശങ്ക പരിഹരിക്കാൻ കക്ഷി രാഷ്ട്രീയത്തിനപ്പുറം രാഷ്ട്രീയ നേതാക്കൾ ഉത്തരവാദിത്വത്തോടെ ഉണർന്ന് പ്രവർത്തിക്കണമെന്ന് ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു. സുപ്രീംകോടതിയുടെ നിർദ്ദേശം, പുറപ്പെടുവിച്ച വിധിയിൽ ആക്ഷേപം ഉള്ളവർ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ എംപവേർഡ് കമ്മിറ്റിയെ അറിയിക്കണമെന്നാണ്. അതിനുള്ള കാലാവധി പൂർത്തിയാകുവാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ഇതുവരെയും വ്യക്തമായ നടപടികൾ ആരംഭിച്ചിട്ടില്ല എന്നതാണ് സത്യം. ബഫർ സോണിന് അനുകൂലമായി 2019 ലെ മന്ത്രിസഭാ തീരുമാനം റദ്ദ് ചെയ്യാത്തത് സർക്കാരിൻറെ പ്രവർത്തനങ്ങളിൽ കൂടുതൽ സംശയമുളവാകുന്നു. ഈ വിഷയത്തിൽ കേരളത്തിലെ ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും ഗുരുതരമായ നിശബ്ദത മലയോര ജനതയുടെ ആശങ്കയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്നു. ശാശ്വതമായ പരിഹാരം കണ്ടെത്തി ബഫർ സോൺ വനത്തിനുള്ളിൽ നിജപ്പെടുത്താനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നും പാസ്റ്റർ കൗൺസിൽ ആവശ്യപ്പെട്ടു. രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ യോഗം ഉത്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. അബ്രാഹം പുറയാറ്റ് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ, സി. ടെസിൻ എസ്.എച്ച്, ശ്രീ. ജോർജ് കോയിക്കൽ, എന്നിവർ പ്രസംഗിച്ചു.

## നബാർഡിന്റെ ധനസഹായത്തോടുകൂടി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നടപ്പിലാക്കുന്ന ആദിവാസി വികസന പദ്ധതിയ്ക്ക് തുടക്കമായി.




മറയൂർ ഗ്രാമപഞ്ചായത്തിലെ പത്ത് ആദിവാസി കുടികളിലെ 500 കുടുംബങ്ങളെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിരിക്കുന്നത്. 3.24 കോടി രൂപയുടെ ഈ പദ്ധതി 5 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യം വച്ചിരിക്കുന്നത്. ആലാംപ്പെട്ടി,പുറവയിൽ, കരിമുട്ടി, പുതുക്കുടി, ഇന്ദിരാനഗർ, ഈച്ചാംപെട്ടി, വെള്ളക്കല്ല്, മുളകാപ്പെട്ടി, തായന്നംകുടി, ഇന്ത്യാക്കാരി എന്നീ കുടികളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.ഇവരുടെ ഒരേക്കർ വീതം സ്ഥലം പ്രത്യേകമായി വേർതിരിച്ച് വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണം നല്കി വിവിധയിനം കൃഷികൾ വച്ച് പിടിപ്പിച്ച് അഞ്ച് വർഷം കൊണ്ട് സാമ്പത്തിക ഭദ്രതയിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. രാസവളങ്ങൾ ഉപയോഗിക്കാതെ തികച്ചും ജൈവ രീതിയിലുള്ള കൃഷിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.കൃഷി സംരക്ഷണത്തിനായി ബോർഡർ പ്ലാന്റ്സ് വച്ചുപിടിപ്പിക്കുവാൻ 20000 മരതൈകൾ ഇതിനോടകം വിതരണം ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായ എല്ലാ കുടുംബങ്ങൾക്കും സോളാർ ലൈറ്റുകൾ വിതരണം ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി ചിന്നാർ വന്യജീവി സങ്കേതത്തിൽ ഉൾപ്പെടുന്ന നൂറ് കുടുംബങ്ങൾക്ക് കോഴിക്കൂട്, കോഴികുഞ്ഞ്, കോഴിത്തീറ്റ മുതലായവ വിതരണം ചെയ്തു. മറയൂർ ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഇവിടെ കൃഷികൾ ചെയ്ത് വരുന്നു.

## Basic Training Course 2022



അടിമാലി ആത്മജ്യോതിയിൽ വച്ചു നടന്ന ക്രിസ്തുജ്യോതിയുടെ വിശ്വാസ പരിശീലകർക്കുവേണ്ടിയുള്ള പ്രാഥമിക പരിശീലന കോഴ്സ് **(Basic Training Course)** നടന്നു. മൂന്നു ദിവസങ്ങളിലായി നടന്ന പരിശീലന പരിപാടിയിൽ വിവിധ ഇടവകകളിൽ നിന്നായി 38 പേർ പങ്കെടുത്തു. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകളും പരിശീലന പരിപാടികളും നടത്തപ്പെട്ടു. സമാപന സമ്മേളനത്തിൽ വച്ച് രൂപതാ ചാൻസിലർ വെരി. റവ. ഫാ. തോമസ് പഞ്ഞിക്കുന്നേൽ അധ്യാപകർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.


## മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ അഡ്മിഷൻ തുടരുന്നു

Ph:04868263235

GOVERNMENT AIDED P.G.COURSES
1. M.Com Finance and Taxation
2.MCM (Master of Commerce and Management)
3. M. A Malayalam

Self Financing Courses
1. BA Malayalam Model II (Journalism)
2. BA Economics Model I
3. B. Voc Business Accounting and Taxation
4. B. Voc Animation and Graphic Designing
5.M. A History
6. M. Sc Mathematics
7. M. Sc Chemistry.

GOVERNMENT AIDED UG COURSES
4.B.Com Model ( Finance and Taxation)
5. B.Sc Physics Model II (Computer Application)
6. B. A English Model-I
7. B. Sc Chemistry Model- I
8.B.Sc Mathematics Model II (Computer Science)
9.B.A History Model II ( Forestry and Environment History )




ഗവൺമെന്റ് എയ്ഡഡ് കോഴ്സുകളിൽ തികച്ചും സൗജന്യമായും, മറ്റ് സെൽഫിനാൻസിംഗ് കോഴ്സുകളിൽ കുറഞ്ഞ ചിലവിലും ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കുവാനാഗ്രഹിക്കുന്നവർ ഈ അവസരം പരമാവധി ഉപയോഗപ്പെടുത്തുമല്ലോ.

# ചൈൽഡ്ഹുഡ് ക്യാൻസർ സെന്റർ ഇനി മുരിക്കാശ്ശേരിയിലും




മുരിക്കാശ്ശേരി അൽഫോൻസ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററിൽ ഇന്റർനാഷണൽ ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച ചൈൽഡ്ഹുഡ് ക്യാൻസർ സെന്ററിന്റെ ആശീർവ്വാദകർമ്മം അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർവ്വഹിച്ചു. ബഹു. ഫാ. ജോസ് പ്ലാച്ചിക്കൽ ദിവ്യബലിയിൽ സഹകാർമ്മികത്വം വഹിക്കുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് ഗവർണ്ണർ സി. എ വി.സി. ജെയിംസ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.



നവീകരിച്ച ഇടുക്കി രൂപതാ മീഡിയ കമ്മീഷൻ ഓഫീസ് ഉദ്ഘാടനം വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിക്കുന്നു. മാർ ജോൺ നെല്ലിക്കുന്നേൽ, മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ജിൻസ് കാരയ്ക്കാട്ട് എന്നിവർ സമീപം.

# സ്വയം തൊഴിൽ ധനസഹായവുമായി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി

ഫെഡറൽ ബാങ്കിന്റെ ധനസഹായത്തോടെ സ്വയം തൊഴിൽ സംരംഭങ്ങൾക്കായും, വിവിധ കാർഷിക വരുമാന വർദ്ധന പദ്ധതികൾക്കായും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി വായ്പാ പദ്ധതി നടപ്പിലാക്കുന്നു. സ്വയം തൊഴിൽ പദ്ധതികൾ, കന്നുകാലി വളർത്തൽ, തീറ്റപ്പുൽ കൃഷി, ആട് വളർത്തൽ, കോഴി വളർത്തൽ, കുരുമുളക് കൃഷി, കാപ്പി കൃഷി, കൊക്കോ കൃഷി, നെൽ കൃഷി എന്നിവയ്ക്കാണ് പ്രധാനമായും വായ്പ അനുവദിക്കുന്നത്. സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 400 ഓളം സ്വയം സഹായ സംഘങ്ങളുടെയും 40 ഓളം എസ്.എച്ച്.ജി ഫെഡറേഷനുകളുടേയും സഹകരണത്തോടെയാണ് ഈ വായ്പകൾ വിതരണം ചെയ്യുന്നത്. നടപ്പു സാമ്പത്തിക വർഷം നാലുകോടി രൂപയോളം വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അതിന്റെ ആദ്യഘട്ടമായി ആഗസ്റ്റ് 31 ന് മുൻപായി 2 കോടി രൂപ വിതരണം ചെയ്യും. ഇപ്രകാരം വിതരണം ചെയ്യുന്ന തുക കൃത്യമായും സമയബന്ധിതമായും വിനിയോഗിക്കുന്നുവെന്ന് വരുത്തുന്നതിനും പദ്ധതികളുടെ നിരന്തരമായ വിലയിരുത്തലിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും ഫീൽഡ് സ്റ്റാഫിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി 24 മാസമാണ് വായ്പാതിരിച്ചടവ് കാലാവധി. തിരിച്ചടവ് തീരുന്നതിനനുസരിച്ച് സംഘങ്ങൾക്ക് വീണ്ടും വായ്പയ്ക്ക് സമർപ്പിക്കാവുന്നതാണ്.




ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ആഭിമുഖ്യത്തിൽ കോവിഡാനന്തര കാലഘട്ടത്തിൽ വിശ്വാസപ്രതിസന്ധി നേരിടുന്ന യുവതലമുറയ്ക്കായി 2022 സെപ്റ്റംബർ 3-ാം തീയതി അടിമാലി വിശ്വദീപ്തി സി.എം.ഐ. പബ്ലിക് സ്കൂളിൽ വച്ച് XI, XII, Degree, PG കോഴ്സുകൾ പഠിക്കുന്ന യുവതീയുവാക്കൾക്കായി യൂത്ത് കോൺഫ്രൻസ് സംഘടിപ്പിക്കുന്നു.

# പി.എസ്.സി പരിശീലനത്തിന് സഹായം നൽകി ഇടുക്കി രൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

ഇടുക്കി രൂപതാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ പി.എസ്.സി പരിശീലനത്തിന് താത്പര്യമുള്ള യുവജനങ്ങൾക്ക് സഹായം നൽകുന്നു. ഇടുക്കി ജില്ലയിൽ നിന്ന് സർക്കാർ സർവീസിൽ കൂടുതൽ ഉദ്യോഗാർത്ഥികൾ ഉണ്ടാവണമെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. 2012 ൽ ആരംഭിച്ച ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റാണ് ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.കഴിഞ്ഞ പി.എസ്.സി പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ 3 ഉദ്യോഗാർത്ഥികൾക്ക് ഉൾപ്പെടുന്നതിന് ഈ പരിശീലനത്തിലൂടെ കഴിഞ്ഞു.ഇപ്പോൾ പതിമൂന്ന് വിദ്യാർത്ഥികളെ തിരുവനന്തപുരം ലക്ഷ്യയിൽ ചേർത്ത് പരിശീലനം നൽകി വരുകയും ചെയ്യുന്നു.കൂടാതെ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന നിരവധി കുട്ടികൾക്ക് പഠന സഹായവും ഈ ട്രസ്റ്റിന്റെ നേതൃത്വത്തിൽ കൊടുക്കുന്നുണ്ട്.

# ദീപിക നടത്തുന്നത് മൂല്യാധിഷ്ഠിത പത്രപ്രവർത്തനം : മാർ ജോൺ നെല്ലിക്കുന്നേൽ



മൂല്യാധിഷ്ഠിത പത്രപ്രവർത്തനം നടത്തുന്ന പത്രമാണ് ദീപികയെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. കൂമ്പൻപാറ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ദീപിക - നമ്മുടെ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മൂല്യബോധമുള്ള കുട്ടികളെ വാർത്തെടുക്കാനാണ് സ്കൂളുകളിലെ നമ്മുടെ ഭാഷാ പദ്ധതി. ഭാഷാനൈപുണ്യവും സാമൂഹികമായ അറിവും സ്വന്തമാക്കാൻ ഈ പദ്ധതിക്ക് കഴിയും. അതിനാൽ 'ദീപിക - നമ്മുടെ ഭാഷാ' പദ്ധതി എല്ലാ സ്കൂളുകളിലും പ്രോത്സാഹിക്കപ്പെടേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.ദീപിക ഫ്രണ്ട്സ് ക്ലബ് ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ജിൻസ് കാരയ്ക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കെ.സി.എസ്.ൽ ഇടുക്കി രൂപത ഡയറക്ടർ ഫാ.ജേക്കബ് മങ്ങാടംപള്ളിൽ മുഖ്യപ്രഭാഷണം നടത്തി. ശ്രീ. സിബിച്ചൻ ജോസഫ്, റവ. ഡോ. ജോർജ് തുമ്പനിരപ്പേൽ, സി. പ്രീതി സിഎംസി, സി. ക്രിസ്റ്റീനാ സി.എം.സി, അൻസൽ ജോജോ, നേഹ ഡെന്നീസ് എന്നിവർ സംസാരിച്ചു.



# തടവറ പ്രേഷിതദിനാചരണം


തടവറ പ്രേഷിതപ്രവർത്തനത്തിന്റെ മദ്ധ്യസ്ഥനായ വി. മാക്സ്മില്യൻ കോൾബേയുടെ തിരുനാൾ ദിനമായ ഓഗസ്റ്റ് 14-നോടനുബന്ധിച്ച് കോട്ടയം സബ്സോണിന്റെ കീഴിലുള്ള ദേവികുളം സബ്ജയിലിൽ ഇടുക്കി രൂപത യേശുസാഹോദര്യ കൂട്ടായ്മയുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോയ്സ് കൊച്ചിത്തറയുടേയും രൂപതാ ആനിമേറ്റർ സി. സെലിൻ എസ്.ഡി.യുടെയും നേതൃത്വത്തിൽ നടത്തപ്പെട്ട സന്ദർശനത്തിൽ ഇടുക്കി ഫ്രാൻസിസ്കൻ സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ എഫ്.സി.സി.യും പ്രതിനിധികളും ഇടുക്കി ആരാധനാസന്യാസിനീ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റി എസ്.എ.ബി.എസും പ്രതിനിധികളും പങ്കുചേർന്നു. അന്നേദിനം തടവറ മക്കൾക്ക് ക്ലാസ്സുകൾ നല്കുകയും കൗൺസിലിംഗ് നടത്തുകയും സന്തോഷസൂചകമായ് മധുരപലഹാരങ്ങൾ നല്കുകയും ചെയ്തു. ദേവികുളം സബ് ജയിൽ സൂപ്രണ്ട് രാജശേഖരൻ സാറും മറ്റ് ഉദ്യോഗസ്ഥരും മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

# ഇടുക്കി രൂപതാ സ്കൂളുകളിൽ 'എന്റെ മലയാളം' ഭാഷാ പദ്ധതിക്ക് തുടക്കമായി.

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എല്ലാ പ്രൈമറി സ്കൂളുകളിലും 'എന്റെ മലയാളം'ഭാഷാ പദ്ധതിക്ക് തുടക്കമായി.കോവിഡ് മഹാമാരിക്ക് ശേഷം രണ്ട് വർഷത്തെ ക്ലാസ്സ് റൂം പീനം നഷ്ടമായ കുട്ടികളിൽ, കൂടുതൽ ഭാഷാപ്രാധാന്യം നൽകുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. എല്ലാ സ്കൂളുകളിലും പ്രത്യേകം പരിശീലനം ലഭിച്ച അദ്ധ്യാപകർ സ്കൂൾ സമയത്തിന് മുൻപും, പിൻപും പ്രത്യേകം സമയം കണ്ടെത്തി കുട്ടികൾക്ക് എഴുതുന്നതിനും, വായിക്കുന്നതിനും ഈ പരിപാടിയുടെ ഭാഗമായി പരിശീലനം നൽകും. ആധുനീക മാധ്യമങ്ങളൊടൊപ്പം വിദഗ്ദർ പ്രത്യേകം തയ്യാറാക്കിയ പാഠഭാഗങ്ങളും കോർത്തിണക്കി രൂപപ്പെടുത്തിയ സിലബസ് അനുസരിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തും.ഈ പരിപാടിയുടെ ഭാഗമായി രണ്ട് ദിവസത്തെ അധ്യാപക പരിശീലനം അടിമാലി അത്മ ജ്യോതിയിൽ വച്ചു നടന്നു.



ആത്മജ്യോതിയിൽ നടന്ന അധ്യാപക പരിശീലനം ഇടുക്കി രൂപത വിദ്യാഭ്യാസ സെക്രട്ടറി റവ.ഡോ.ജോർജ് തകിടിയേൽ ഉത്ഘാടനം ചെയ്യുന്നു.




# ഗുരു ദക്ഷിണ

സി. വിജി തെരേസ് SABS

എല്ലാ അധ്യാപക ദിനത്തിലും ആരെങ്കിലുമൊക്കെ തങ്ങളെ സ്വാധീനിച്ച ഗുരുക്കന്മാരെക്കുറിച്ച് പറയുന്നതും 'ഗുരു' വിന് നിർവ്വചനങ്ങൾ പകരുന്നതുമൊക്കെ നാം കേൾക്കാറുണ്ട്. നിങ്ങളുടെ ജീവിതത്തിലും കാലത്തിനു മായ്ക്കാനാവാത്ത ശോഭയോടെ തിളങ്ങുന്ന ഗുരുമുഖങ്ങൾ കാണും.നമ്മുടെയൊക്കെ ജീവിതത്തിൽ ഇത്തിരി വെട്ടമെങ്കിലും വീഴ്ത്തിയിട്ടുള്ളവരെയെല്ലാം നമുക്ക് ഗുരുസ്ഥാനത്ത് നിർത്താൻ കഴിയില്ലേ? ആരുടെയൊക്കെ ജീവിതത്തിൽ നന്മയുടെ, വിശുദ്ധി യുടെ വെളിച്ചമുണ്ടോ അവരെല്ലാം ഗുരുക്കന്മാരാണ്. കാരണം അവർക്കെല്ലാം തങ്ങളിലെ വെളിച്ചത്താൽ ചുറ്റിലുമുള്ളവരുടെ ഉള്ളിന്റെ ഉള്ളിലെ ഇരുളകറ്റാൻ കഴിയും. അതിനായാൽ - ഇത്തിരി വെളിച്ചം പരത്താനായാൽ - നിങ്ങളും ഗുരുവായി. അങ്ങനെയെങ്കിൽ, ലോകം കണ്ട ഏറ്റവും വലിയ ഗുരു ആരാകും? ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു'' എന്ന് പറഞ്ഞവൻ തന്നെയല്ലേ? പരിശുദ്ധ കൂദാശകളിലൂടെ എന്നിലെ ഇരുട്ടിനെ നീക്കി വെളിച്ചം കൊണ്ട് നിറയ്ക്കുന്ന അവന് 'ഗുരുദക്ഷിണ'യായി എന്ത് കൊടുക്കും? വേണ്ടതെന്തെന്നും ആ ഗുരു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. ''നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.'മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠമായി കരുതുന്ന 'സ്നേഹ് സംസ്കാരമാണ് അവന് നല്കാവുന്ന ഏറ്റവും നല്ല ഗുരുദക്ഷിണ. സ്നേഹവും വിനയവും ഒരു അസുരനെ 'മഹാബലി'യാക്കിയെന്ന കഥയാണല്ലോ ഓണനാളിന്റെ ആഘോഷത്തിനു കാരണവും, സെപ്റ്റംബർ 5 ന് അധ്യാപക ദിനം ആചരിക്കുമ്പോൾ നമ്മുടെ ജീ വിത വഴികളെ പ്രകാശിപ്പിച്ച എല്ലാവരെയും നന്ദിയോടെ ഓർ ക്കാം. ഉണ്ണിയേശുവിനെ മടിയിലിരുത്തി സങ്കീർത്തനങ്ങളൊക്കെ പഠിപ്പിച്ച പരി. മാതാവിന്റെ പിറവിത്തിരുന്നാലും സെപ്റ്റംബറിൽ തന്നെ. അമ്മ, വെളിച്ചമായ തമ്പുരാനോട് ചേർന്നു നിന്ന് വെളിച്ചമാകാൻ, അനേകരുടെ ജീവിതത്തിൽ വെളിച്ചമേകാൻ എനിക്കായി പ്രാർത്ഥിക്കണമേ എന്ന് ദിവ്യ ഗുരുവിന്റെ അധ്യാപികയായ മറിയത്തോട് നമുക്ക് അപേക്ഷിക്കാം.

# ആവേശമായി യുവജന ദിനാചരണം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ രൂപതാതല യുവജനദിന ആഘോഷം പറത്തോട്ടിൽ നടത്തപെട്ടു. കെ സി വൈ എം മുൻ സംസ്ഥാന, രൂപത പ്രസിഡന്റ് ആയിരുന്ന ശ്രീ സിജോ ഇലന്തൂർ ഉത്ഘാടനം ചെയ്തു. എഴുത്തുകാരനും റിപ്പോർട്ടറുമായ ആന്റണി മുനിയറ യുവജന ദിന സന്ദേശം നൽകി. രൂപത പ്രസിഡന്റ് ശ്രീ അലക്സ് തോമസ് യോഗത്തിന് അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ ജോസഫ് നടുപടവിൽ ആമുഖപ്രഭാഷണം നടത്തി, അനിമേറ്റർ സി. ലിന്റ എസ് എ ബി എസ് ആശംസകൾ നേർന്നു.തുടർന്ന് വിവിധ ഇടവകകളിലെ യുവജനങ്ങൾ അണിച്ചൊരുക്കിയ കലാ വിരുന്നും, ട്രേസൈട്രസ് മ്യൂസിക് ബാൻഡ്ന്റെ മ്യൂസിക് ഇവന്റും നടത്തപെട്ടു.



## SPARK2
## നേതൃത്വപരിശീലന ക്യാമ്പ്

രൂപതാ കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി നേതൃത്വ പരിശീലന ക്യാമ്പ് ആരംഭിക്കുന്നു. നേതൃനിരയിലേക്ക് യുവജനങ്ങളെ വാർത്തെടുക്കുകയാണ് ഈ ട്രെയിനിങ് ക്യാമ്പ്കൊണ്ട് ഉദ്ദേശിക്കുന്നത്. ഇടുക്കി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങളാണ് ട്രെയിനിങ് ക്യാമ്പിൽ പങ്കെടുക്കാനുള്ള അവസരം ഉള്ളത്.

യഥാർത്ഥ നേതൃത്വഗുണവും സംഘടന ശൈലിയും രൂപമാക്കുന്നതിന് വേണ്ടി കെ.സി.വൈ.എം. അണിയിച്ചൊരുക്കുന്ന SPARK Season 2 നേതൃത്വ പരിശീലന ക്യാമ്പിലേക്ക് താല്പര്യം ഉള്ളവർക്ക് ഈ വരുന്ന ഓഗസ്റ്റ് 29 നകം തിയതിക്കകം അപേക്ഷിക്കാം. മാസം 2 ദിവസം വെച്ച് 5 മാസങ്ങളിലായി 10 ദിവസങ്ങളാണ് ക്യാമ്പ്.

## മുക്കുടം, ആയിരമേക്കർ, രാജാക്കാട് മികച്ച ശാഖകൾ

തിരുബാലസഖ്യം 2021-22 പ്രവർത്തന വർഷത്തെ മികച്ച ശാഖകളെ പ്രഖ്യാപിച്ചു. മൂന്ന് വിഭാഗങ്ങളിലായി 10 ശാഖകളാണ് തിരഞ്ഞെടുക്കപ്പെട്ടത്.

A വിഭാഗം - മുക്കുടം, പൊന്നാമല, മരിയാപുരം, ആൽപ്പാറ
B വിഭാഗം - ആയിരമേക്കർ, കുഞ്ചിത്തണ്ണി, പൊട്ടൻകാട്
C വിഭാഗം - രാജാക്കാട്, കാൽവരിമൗണ്ട്, പാറത്തോട്

ഓൺലൈൻ കാലഘട്ടത്തിലെ പരിമിതമായ സാഹചര്യങ്ങളെ വളരെ ക്രിയാത്മകമായ രീതിയിൽ വിനിയോഗിച്ച് മികച്ച വിജയം നേടിയ ശാഖാ ഡയറക്ടറച്ചൻമാർക്കും ആനിമേറ്റേഴ്സിനും അധ്യാപകർക്കും കഞ്ഞുങ്ങൾക്കും അഭിനന്ദനങ്ങൾ.

## ബഫർ സോൺ ഉത്തരവിനെതിരെ കളകട്രേറ്റ് മാർച്ച്

പിറന്ന മണ്ണിൽ ജീവിത മാർഗം നിഷേധിക്കുന്ന ബഫർ സോൺ ഉത്തരവിനെതിരെ കെ സി വൈ എം ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ കളക്രേറ്റ് മാർച്ച് നടത്തി. ഇടുക്കി രൂപതാ അധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉത്ഘാടന കർമം രൂപത പ്രസിഡന്റ് അലക്സ് തോമസ് നു പതാക കൈമാറി നിർവഹിച്ചു.ഇടുക്കി രൂപത ജനറാൾ മോൺ. അബ്രഹാം പുറയാറ്റ്, കെ സി വൈ എം ഡയറക്ടർ ഫാ ജോസഫ് നടുപടവിൽ, മീഡിയ വിംഗ് ഡയറക്ടർ ഫാ ജിൻസ് കാരക്കാട്ട്, എന്നിവർ നേതൃത്വം നൽകി. എ.കെ.സി.സി പ്രസിഡന്റ് ജോസഫ് കൊയ്ക്കൽ , കത്തോലിക്ക കോൺഗ്രസ് ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ എന്നിവർ സംസാരിച്ചു.






ചെമ്പകപ്പാറ സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ നടന്ന വയോജന ദിനാചരണത്തിൽ പങ്കെടുത്തവർ അഭിവന്ദ്യ പിതാവിനോടും ഇടവക വികാരി ഫാ. ഫ്രാൻസിസ് ചുനയന്മാക്കലിനോടുമൊപ്പം


## മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിൽ അഡ്മിഷൻ തുടരുന്നു

**2022-23 അധ്യയന വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന കോഴ്സുകളിലേക്ക് അഡ്മിഷൻ എടുക്കുവാൻ ആഗ്രഹിക്കുന്നവർ കോളേജിന്റെ വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യുകയോ കോളേജിൽ നേരിട്ട് ഹാജരാവുകയോ ചെയ്യേണ്ടതാണ്.**

MSW
M.Com
B.Com Logistics Management
B.Com Finance and Taxation
B.Com Computer Application
B A English Language and Literature
B.Com Cooperation
B A Economics
B.Sc Geology
BBA
BCA

**പ്രത്യേകതകൾ**
**ഹൈറേഞ്ചിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് കോളേജ് ബസ് സൗകര്യം ഉണ്ടായിരിക്കും**
**ഡിഗ്രിയോടൊപ്പം വിവിധ Add-on കോഴ്സുകൾ**
**ഗവൺമെന്റ് ഫീസ് മാത്രം**

വിശദ വിവരങ്ങൾക്ക്
www.marsleeva.in
9544747287
9447516837
9496338577




# പാരാമെഡിക്കൽ കോഴ്സുകൾ.

## ആഗോളതലത്തിലെ നൂതന സാധ്യതകളിലേക്കുള്ള ജാലകം :

ആരോഗ്യ പരിപാലനരംഗത്തു ഡോക്ടർമാർക്കും നഴ്സുമാർക്കുമൊപ്പം പ്രാധാന്യമേറിയ ചുമതലയും ഉത്തരവാദിത്വവുമാണുപാരാമെഡിക്കൽ ടെക്നീഷ്യന്മാർക്കുള്ളത്. ഫിസിയോതെറാപ്പി, ഓഡിയോളജി, പ്രോസ്തറ്റിക് എൻജിനീയറിംഗ്, സ്പീച്ച് തെറാപ്പി, ഒപ്താൽമിക് ടെക്നോളജി, മെഡിക്കൽ ലാബ് ടെക്നോളജി തുടങ്ങി നിരവധി ശാഖകളിലാണു പാരാമെഡിക്കൽ മേഖല വ്യാപിച്ചുകിടക്കുന്നത്. ആശുപത്രികളിലും റീഹാബിലിറ്റേഷൻ സെൻററുകളിലും, ഡയഗ്നോസ്റ്റിക് സെൻററുകളിലും മറ്റുമാണു തൊഴിലസവരങ്ങൾ; വിദേശങ്ങളിലും മികച്ച സാദ്ധ്യതകളുണ്ട്.

പാരാമെഡിക്കൽ മേഖലയിലെ പഠനാവസരങ്ങൾ മനസ്സിലാക്കി യുക്തമായ കോഴ്സുകൾ തിരഞ്ഞെടുക്കാൻ ശ്രമിക്കുക ഏറെ പ്രധാനപ്പെട്ടതാണ്. പ്ലസ്ടുവിന് സയൻസ് ഡ്രീം എടുത്ത് പഠിച്ചവർക്കാണ് പാരാ മെഡിക്കൽ കോഴ്സുകൾക്ക് ചേരാനുള്ള യോഗ്യതയുള്ളത്. വിവിധ ഡിപ്ലോമ പ്രോഗ്രാമുകളാണ് നിലവിലുള്ളത്. ഫാർമസി രംഗത്തെ ബിരുദ പ്രോഗ്രാമായ ബി. ഫാം ഒഴികെ മറ്റ് പാരാമെഡിക്കൽ ബിരുദ കോഴ്സുകളുടെ പ്രവേശനം നടത്തുന്നത് കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയാണ്. ബീ ഫാം കോഴ്സ് പ്രവേശനം കേരള എൻട്രൻസ് കമ്മീഷണർ നടത്തുന്ന എൻട്രൻസ് വഴിയാണ്. ബി. എസ്. സി നേഴ്സിങ് കോഴ്സുകൾക്കൊപ്പം പ്രവേശനം നേടാവുന്ന പാരാമെഡിക്കൽ ബിരുദ കോഴ്സുകളെക്കുറിച്ചാണ് ചുവടെ ചേർക്കുന്നത്.

### കോഴ്സുകൾ

ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ, മെഡിക്കൽ ലാബ് ടെക്നോളജി, റേഡിയോ ഡയഗ്നോസിസ് & റേഡിയോ തെറപ്പി ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഓഫ്താൽമിക് അസിസ്റ്റൻസ്, ഡെന്റൽ മെക്കാനിക്സ്, ഡെന്റൽ ഹൈജീനിസ്റ്റ്, ഓപ്പറേഷൻ തിയറ്റർ & അനസ്തീസിയ ടെക്നോളജി, കാർഡിയോ വാസ്ക്യൂലർ ടെക്നോളജി, ന്യൂറോടെക്നോളജി, ഡയാലിസിസ് ടെക്നോളജി, എൻഡോസ്കോപിക് ടെക്നോളജി, ഡെന്റൽ ഓപ്പറേറ്റിങ് റൂം അസിസ്റ്റൻസ്, റെസ്പിറേറ്ററി ടെക്നോളജി, സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ഡിപാർട്ട്മെന്റ് ടെക്നോളജി. ഉപകരണങ്ങൾ മാലിന്യങ്ങൾ നീക്കി, ശുദ്ധീകരിച്ച്, അണുവിമുക്തമാക്കി സൂക്ഷിച്ച് ആശുപത്രിയിലെ വിവിധ വകുപ്പുകളിലേക്ക് ആവശ്യാനുസരണം അയച്ചുകൊടുക്കുന്ന ചുമതലയാണ് സ്റ്റെറൈൽ സപ്ലൈയ്ക്കുള്ളത്. ഫാർമസി കോഴ്സ് രണ്ടേകാൽ വർഷവും ഓപ്പറേഷൻ തിയറ്റർ & അനസ്തീസിയ ടെക്നോളജി, എൻഡോസ്കോപിക് ടെക്നോളജി എന്നിവ രണ്ടര വർഷവും റേഡിയോ ഡയഗ്നോസിസ് & റേഡിയോ തെറപ്പി ടെക്നോളജി കോഴ്സ് മൂന്നു വർഷവുമാണ്. മറ്റുള്ളവ രണ്ടു വർഷം.



### യോഗ്യത

ബയോളജി, ഫിസിക്സ്, കെമിസ്ട്രി ഐച്ഛികമായി പ്ലസ്ടു ജയിച്ചവർക്കാണ് പ്രവേശനം. ഫാർമസി കോഴ്സിന് ബയോളജിക്കു പകരം മാത്സ് ആയാലും മതി. ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് ബയോളജി, ഫിസിക്സ്, കെമിസ്ട്രി എന്നിവ പഠിച്ചവരില്ലെങ്കിൽ, മറ്റു വിഷയക്കാരെയും പരിഗണിക്കും. ഐച്ഛികവിഷയങ്ങൾക്ക് 40% മാർക്ക് വേണം. പട്ടികവിഭാഗക്കാർക്ക് 35%. ഫാർമസി കോഴ്സിന് മിനിമം മാർക്കില്ല. ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനൊഴികെ വിഎച്ച്എസ്ഇക്കാർക്കും അവസരമുണ്ട്.

### ഈ കോഴ്സുകൾ തെരഞ്ഞെടുക്കുന്നവർ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ

ദേശീയ തലത്തിൽ ശ്രദ്ധേയമായ പിജിഐ എംഇആർ, ജിപ്മെർ, എയിംസ്, എസ്.വി നിർദാർ, എൻഐഎൽഡി, നിംഹാൻസ് തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവേശനം നേടാൻ മുന്തിയ പരിഗണന നല്ലണം. എന്നാൽ കേരളത്തിന് പുറത്തുള്ള മറ്റു സർവകലാശാലകളെ പരിഗണിക്കുമ്പോൾ ജാഗ്രത പുലർത്തണം. കോഴ്സുകൾക്കും സർട്ടിഫിക്കറ്റുകൾക്കും അംഗീകാരം ലഭിക്കാനുള്ള സാധ്യത, മുൻവർഷങ്ങളിൽ പഠിച്ചിറങ്ങിയ വിദ്യർഥികൾക്ക് ലഭിച്ച തൊഴിലവസരം, വിദേശ ജോലിക്കായി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്താനുള്ള സാധ്യത എന്നിവ കൃത്യമായി അന്വേഷിച്ച് ബോധ്യപ്പെട്ടു വേണം കോഴ്സുകളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കേണ്ടത്.

## അഗ്നിപഥ് റിക്രൂട്ട്മെന്റ്: കൊല്ലത്ത് നവംബർ 15 മുതൽ 30 വരെ റാലി

അഗ്നിപഥിന്റെ ഭാഗമാകാൻ അവസരം. ഏഴ് തെക്കൻ ജില്ലകളിലെ പുരുഷ ഉദ്യോഗാർഥികൾക്കായി നവംബർ 15 മുതൽ 30 വരെ കൊല്ലത്തെ ലാൽ ബഹാദൂർ ശാസ്ത്രി സ്റ്റേഡിയത്തിലാണ് റിക്രൂട്ട്മെന്റ് റാലി നടത്തുന്നത്. ഓഗസ്റ്റ് ഒന്നുമുതൽ രജിസ്ട്രേഷൻ ആരംഭിക്കും. 30 വരെ www.joinindianarmy.nic.in എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ ചെയ്യാം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ നിന്നുള്ള യുവാക്കൾക്ക് റാലിയിൽ പങ്കെടുക്കാം. അഗ്നിവീർ ജനറൽ ഡ്യൂട്ടി, അഗ്നിവീർ ടെക്നിക്കൽ, അഗ്നിവീർ ട്രേഡ്സ്മാൻ പത്താംതരം പാസ്, അഗ്നിവീർ എട്ടാം ക്ലാസ് പാസ്, അഗ്നിവീർ ക്ലാർക്ക്/സ്റ്റോർ കീപ്പർ ടെക്നിക്കൽ എന്നീ വിഭാഗങ്ങളിലാണ് നിയമനം. പ്രായം, വിദ്യാഭ്യാസയോഗ്യത, മറ്റുമാനദണ്ഡങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഓഗസ്റ്റ് ഒന്നിന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥിയുടെ അഡ്മിറ്റ് കാർഡുകൾ നവംബർ ഒന്നുമുതൽ 10 വരെ അവരുടെ ഇ-മെയിലിലേക്ക് അയക്കും.



## നവോമി സംഗമം

ഇടുക്കി രൂപതയിലെ വിധവകളുടെ കൂട്ടായ്മയായ നവോമി സംഗമം ചുരുളി സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ നടന്നു. മാർ ജോൺ നെല്ലിക്കുന്നേൽ സംഗമം ഉത്ഘാടനം ചെയ്തു. വിവിധ ഇടവകകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. ജോസ് ചിറ്റടിയിൽ, സി. സോഫിയ റോസ് സി.എം.സി, സി. നിത്യ സി.എം.സി എന്നിവർ നേതൃത്വം നൽകി.



*ചുരുളി ഫൊറോനയിൽ നടന്ന രൂപതാ നവോമി സംഗമത്തിൽ പങ്കെടുത്തവർ അഭിവന്ദ്യ പിതാവിനോടും രൂപതാ ഭാരവാഹികളോടുമൊപ്പം.*



# പ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ രാജകുമാരി ദൈവമാതാ പള്ളിയിൽ

## 2022 സെപ്റ്റംബർ 1 മുതൽ 8 വരെ തീയതികളിൽ

## എട്ടുനോമ്പ് ആചരണവും പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളും

പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയാൽ അനുഗ്രഹങ്ങൾ സമൃദ്ധമായി വർഷിക്കപ്പെടുന്ന രാജകുമാരി ദൈവമാതാ പള്ളിയിൽ എട്ടുനോമ്പ് ആചരണവും പരിശുദ്ധ അമ്മയുടെ പിറവിത്തിരു നാൾ ആഘോഷവും 2022 സെപ്റ്റംബർ 1 മുതൽ 8 വരെ തീയതികളിൽ നടത്തപ്പെടുകയാണ്. ഈ ധന്യ നിമിഷങ്ങളിലെ തിരുക്കർമ്മങ്ങളിലും സെപ്റ്റംബർ 15-ന് നടത്തപ്പെടുന്ന എട്ടാമിടത്തിലും പങ്കു ചേർന്ന് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥസഹായം നേടുവാനും ലഭിച്ച നന്മകൾക്ക് നന്ദി പറയുവാനും ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



മാർ ജോൺ നെല്ലിക്കുന്നേൽ
(ഇടുക്കി രൂപത മെത്രാൻ)



മാർ ജോർജ് മഠത്തിക്കണ്ടത്തിൽ
(കോതമംഗലം രൂപത മെത്രാൻ)



മോൺ അബ്രഹാം പുറയാറ്റ്
(വികാരി)

## പ്രധാന തിരുനാൾ തിരുക്കർമ്മങ്ങൾ

### 2022 ആഗസ്റ്റ് 31 ബുധൻ

4:15 PM : ആഘോഷമായ വി. കുർബാന
മോൺ. ജോസ് പ്ലാച്ചിക്കൽ
(വികാരി ജനറാൾ, ഇടുക്കി രൂപത)

### 2022 സെപ്റ്റംബർ 03 ശനി

10 AM : രണ്ടാമത് ഇടുക്കി രൂപതാ മരിയൻ തീർത്ഥാടനം

12:30 PM : ആഘോഷമായ പൊന്തിഫിക്കൽ കുർബാന
മാർ ജോൺ നെല്ലിക്കുന്നേൽ
(ഇടുക്കി രൂപതാ മെത്രാൻ)

### 2022 സെപ്റ്റംബർ 04 ഞായർ

11:00 AM : ആഘോഷമായ പൊന്തിഫിക്കൽ കുർബാന
മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ
(കോതമംഗലം രൂപതാ മെത്രാൻ )

### 2022 സെപ്റ്റംബർ 07 ബുധൻ

06:30 PM : തിരുനാൾ പ്രദക്ഷിണം
(ടൗൺ കപ്പേളയിലേക്ക് )

### 2022 സെപ്റ്റംബർ 15 വ്യാഴം

എട്ടാമിടതിരുനാൾ

10:00 AM : ആഘോഷമായ റാസ കുർബാന



ഫാ. ജോബി മാതാളികുന്നേൽ
(അസി. വികാരി)



ഫാ. കുര്യൻ നരിക്കുഴിയിൽ
(അസി. വികാരി)



## തിരുനാൾ ദിവസങ്ങളിൽ വി. കുർബാന, നൊവേന :

6:00 AM, 7:30 AM, 9:30 AM 11:00 AM,
3:00 PM, 5:00 PM


നമുക്ക് പഠിക്കാൻ
നമ്മുടെ സ്വന്തം
IMMIGRANT ACADEMY
IMMIGRANT ACADEMY
STUDY ABROAD
IELTS | OET | GERMAN
Free study in Germany
Study in the UK without IELTS
STUDY IN:
UK | CANADA | GERMANY | IRELAND
EUROPE | AUSTRALIA
UPTO 40 LAKHS LOAN AVAILABLE WITHOUT COLLATERAL
WE ARE PROUD OF ALL OUR IELTS UKVI WINNERS
9 Reading Abhimanue
8.5 Reading Danny
8 Overall Vishnu
7.5 Speaking Jaison
7 Overall Alan Tom
7 Speaking Ajil
7 Writing Jos Tom
7.5 Writing Suby
8 Overall Jossin
9 Reading Athira
8 Listening Divya
7 Overall Ans
7 Reading Antu
7 Overall Blessy
7 Reading Sagar
7 Overall Arun
7 Listening Alex
7 Overall Ajo
7 Overall Tess
7 Overall Jincy
7 Overall Krupa
7.5 Overall Febin Mary
6.5 Dona
6.5 Christy
6.5 Reshma
6.5 Arathi
6.5 Vishnupriya
+91 80893 60667
+91 96333 80667
KATTAPPANA
NEAR KSEB SUBSTATION